LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരി മണ്ഡലത്തിലെ 2 സ്കൂളുകൾക്ക് പ്ലാൻ ഫണ്ടിൽനിന്നും കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വർഷം	അനുവദിച്ച തുക
1	ജി.യു.പി.എസ്. അടാട്ട്	2017-18	100 ലക്ഷം
2	ജി.ജി.എൽ. പി.എസ്. വടക്കാഞ്ചേരി	2019-20	100 ലക്ഷം.

കലാകായിക-പ്രവൃത്തി പരിചയാദ്ധ്യാപകരുടെ ശമ്പളം

174(4184) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സമഗ്ര ശിക്ഷ കേരളം പദ്ധതി പ്രകാരം നിയമനം ലഭിച്ച കലാ-കായിക-പ്രവൃത്തി പരിചയാദ്ധ്യാപകർക്ക് 2017-18 വർഷങ്ങളിൽ യാത്രാബത്തയും ഇ.പി.എഫ്.-ഉം അടക്കം 29,000 രൂപയോളം ശമ്പളം ലഭിച്ചുകൊണ്ടിരുന്നതിൽ ഇപ്പോൾ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ വിഹിതം വെട്ടിക്കുറച്ചതിന്റെ ഭാഗമായിട്ടാണോ ഇവർക്ക് ലഭിച്ചിരുന്ന ശമ്പളത്തിൽ കുറവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളമായി കേന്ദ്രസർക്കാർ 29,000 രൂപയാണ് 2017-18 വർഷത്തിൽ നൽകിയിരുന്നത്. എന്നാൽ 2018-19-ൽ കേന്ദ്രസർക്കാർ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളം 7,000 രൂപയായി വെട്ടിക്കുറച്ചു. (ഈ തുകയുടെ കേന്ദ്ര വിഹിതം 4,200 രൂപയും സംസ്ഥാന വിഹിതം 2,800 രൂപയുമാണ്). ഈ തുക വളരെ കുറവായതിനാൽ സമഗ്ര ശിക്ഷാ കേരളത്തിന്റെ ആവശ്യപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ സംസ്ഥാന വിഹിതത്തിന് പുറമേ 7,000 രൂപ കൂടി അനുവദിക്കുകയും മാസശമ്പളമായി 14,000 രൂപയുമാണ് പ്രസ്തുത അദ്ധ്യാപകർക്ക് നൽകി വരുന്നത്. 2021-22 വർഷം കേന്ദ്ര സർക്കാർ പ്ലാൻ അപ്രൂവൽ ബോർഡ് മീറ്റിംഗിൽ 10,000 രൂപയാണ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് ശമ്പളമായി തീരുമാനിച്ചിട്ടുള്ളത്. മുൻവർഷത്തെപ്പോലെ കൂടുതൽ തുക നൽകുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വെട്ടിക്കുറച്ച ശമ്പളം വർദ്ധിപ്പിച്ച് കിട്ടുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് പ്രസ്തുത അദ്ധ്യാപകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുമോ?

(സി&ഡി) വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

സമഗ്ര ശിക്ഷ കേരള പദ്ധതികൾ

175(4185) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ സമഗ്ര ശിക്ഷ കേരള പദ്ധതികൾക്ക് എത്ര തുകയാണ് കേന്ദ്രം വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ?

73,363.34 ലക്ഷം രൂപ

(ബി) പ്രസ്തുത കാലയളവിൽ പദ്ധതിയിൽ എത്ര ശതമാനം തുക ചെലവഴിച്ചുവെന്നറിയിക്കാമോ;

9.34%

(സി) തദ്ദേശസ്വയം ഭരണ വിഹിതം ലഭിക്കേണ്ടത് എത്ര രൂപയെന്നും ലഭിച്ചത് എത്ര രൂപയെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

കിട്ടേണ്ടത് 20,177.76 ലക്ഷം രൂപ

ജില്ല	കിട്ടിയ തുക (ലക്ഷത്തിൽ)
തിരുവനന്തപുരം	202.02
കൊല്ലം	127
പത്തനംതിട്ട	63
ആലപ്പുഴ	125.21
കോട്ടയം	123.57
ഇടുക്കി	69.74
എറണാകുളം	150.61
തൃശ്ശൂർ	97.50
പാലക്കാട്	254.51
മലപ്പുറം	153.91

LIBRARY ARCHIVES Kerala Legislative Assembly